**പത്രക്കുറിപ്പ്**
**16. 08.2017**

## ഓണത്തിന് കെ.ടി.ഡി.സി ഹോട്ടലുകളിൽ സദ്യ വിളമ്പാൻ കുടുംബശ്രീ ഉൽപന്നങ്ങൾ

തിരുവനന്തപുരം: ഇത്തവണ ഓണത്തിന് സംസ്ഥാനത്തെ കെ.ടി.ഡി.സിയുടെ കീഴിലുള്ള മുഴുവൻ ഹോട്ടലുകളിലും ഓണസദ്യയോടൊപ്പം കുടുംബശ്രീ ഉൽപന്നങ്ങളും വിളമ്പും. പ്രധാനമായും ഉപ്പേരിയും ശർക്കരവരട്ടിയും നൽകുന്നതിനാണ് ഓർഡർ ലഭിച്ചിട്ടുള്ളത്.

ഇതാദ്യമായാണ് കെ.ടി.ഡി.സി ഹോട്ടൽ ശൃംഖലകളിൽ കുടുംബശ്രീ ഉൽപന്നങ്ങൾ വിതരണം ചെയ്യുന്നത്. ഇതനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നിരവധി യൂണിറ്റുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കുടുംബശ്രീ സംഘക്കൃഷി ഗ്രൂപ്പുകൾ ഉൽപാദിപ്പിക്കുന്ന നേന്ത്രക്കായ ഉപയോഗിച്ച് തയ്യാറാക്കുന്ന ഉപ്പേരിയും ശർക്കര വരട്ടിയുമാണ് ഹോട്ടലുകളിൽ നൽകുക. ഇതോടെ കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണനം കൂടുതൽശക്തിപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനു പുറമേ ടൂറിസം വകുപ്പുമായി സഹകരിച്ച് ഓണം വിപണി കൂടാതെ എല്ലാ പ്രമുഖ വിശേഷദിവസങ്ങളിലും ആവശ്യമായ നാടൻ ഉൽപന്നങ്ങൾ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നു നൽകുന്നതിനും ആലോചനയുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ